**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 170** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് വൃക്കരോഗികളുടെ വർദ്ധനവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ 10 വർഷങ്ങളിലെ രോഗികളുടെ എണ്ണം, വർദ്ധനവിന്റെ നിരക്ക് എന്നിവ വർഷം തിരിച്ച് വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 4 വർഷത്തിൽ 30-40% വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 10 വർഷങ്ങളിൽ വിവിധ സർക്കാർ ആശുപത്രികളിൽ വൃക്കരോഗത്തിന് ചികിത്സ തേടിയവരുടെ വിവരം ശേഖരിച്ച് വരുന്നു.

**(ബി)** വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** വൃക്ക രോഗങ്ങൾ പ്രധാനമായും ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം എന്നിവ മൂലമാണ് ഉണ്ടാകുന്നത്. ഈ രോഗങ്ങൾ സമൂഹത്തിൽ വർദ്ധിക്കുന്നതു കാരണം ആനുപാതികമായി വൃക്ക രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. എന്നാൽ ഈ വിഷയത്തിൽ ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടില്ല.

**(സി)** കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തു നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ 112 ഡയാലിസിസ് യൂണിറ്റുകളാണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു. എല്ലാ സെന്ററുകളിലും ആശുപത്രി വികസന സമിതിയുടെ മേൽ നോട്ടത്തിലാണ് ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിനും അതുവഴി കൂടുതൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

**(ഡി)** ഡയാലിസിസ് രോഗികൾക്ക് നൽകി വരുന്ന പെൻഷൻ തുക 2000/- രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** ഡയാലിസിസ് രോഗികൾക്ക് നൽകി വരുന്ന പെൻഷൻ തുക 2000/- രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**